"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം-കെ.ഇ.ആർ അധ്യായം XIV എ, ചട്ടം 56 ഹയർ സെക്കണ്ടറി വിഭാഗം അധ്യാപക/അനധ്യാപകർക്കു കൂടി ബാധകമാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്**

സ.ഉ.(കൈ) നം.91/2025/GEDN തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:-
1. സ.ഉ (പി) നം. 12/2006/പൊ.വി.വ തീയതി.09/01/2006
2. സ.ഉ (സാധാ) നം. 2035/2023/പൊ.വി.വ തീയതി.20/03/2023
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07/09/2024 ലെ എ.സി.ഡി ബി 4/15547/2024/എച്ച്.എസ്.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും അനധ്യാപകർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാമെന്നതിനാൽ ആയത് ഹയർ സെക്കന്ററി വിഭാഗത്തിനും ബാധകമാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്, ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ,മറ്റ അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്കും നിയമസഭാ അംഗങ്ങൾ ആയും തെരെഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അവധി സംബന്ധിച്ച് നിലവിലുള്ള കെ.ഇ.ആർ അധ്യായം XIV A, ചട്ടം 56 സെക്കണ്ടറി തലം വരെയുള്ള അധ്യാപകർക്കാണ് ബാധകമായിരുന്നത്. കൂടാതെ പരാമർശം (1) പ്രകാരം അനധ്യാപകർക്കും അവധി അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി അധ്യാപകർക്ക് ബാധകമായ കെ.ഇ.ആർ അധ്യായം XXXIIൽ ഹയർ സെക്കണ്ടറി അധ്യാപകർക്ക് അനുവദനീയമായ അവധികളെ കുറിച്ച് പരാമർശമില്ല. പല എയ്ഡഡ് ഹയർ സെക്കണ്ടറി അധ്യാപകരും അനധ്യാപകരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്, ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, മറ്റു അംഗങ്ങൾ, നിയമസഭാ അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.മേൽ സാഹചര്യത്തിൽ ഹയർ സെക്കണ്ടറി അധ്യാപക/അനധ്യാപകർക്കു ചട്ടം 56 പ്രകാരമുള്ള പ്രത്യേക അവധി അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

2. മേൽ വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) സമർപ്പിച്ചിട്ടുള്ള പരാമർശം (3) റിപ്പോർട്ട് പ്രകാരം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അനധ്യാപകർക്ക് കൂടി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥ ഉൾപ്പെടുത്തി അവധി അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ തീരുമാനിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും അനധ്യാപകർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാമെന്നതിനാൽ ആയത് ഹയർ സെക്കന്ററി വിഭാഗത്തിനും ബാധകമാണ്. നിലവിൽ ഈ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവർ ഇപ്പോൾ തന്നെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദവികൾ വഹിച്ചുവരുന്നുണ്ട്. ആയതിനാൽ അവധി സംബന്ധിച്ച് കെ.ഇ.ആർ അധ്യായം XIV എ, ചട്ടം 56 ഹയർ സെക്കണ്ടറി അധ്യാപക/അനധ്യാപകർക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം

എല്ലാ ഹയർ സെക്കണ്ടറി മേഖല ഉപഡയറക്ടർമാർക്കും (ഡയറക്ടർ മുഖേന )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 23-05-2025 10:35:12

സെക്ഷൻ ഓഫീസർ